# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.956** **30.11.2018 ലെ മറുപടി**

## ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് പദ്ധതി

**ചോദ്യം**

**ശ്രീ.കെ. രാജൻ**

(എ) നാശോന്മുഖമായ നദികളുടെ സംരക്ഷണത്തിനായുള്ള ഇന്റഗ്രേറ്റഡ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെല്ലാം നദികളുടെ സംരക്ഷണത്തിനാണ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുള്ളത്; ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**മറുപടി**

**കെ.കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പമന്ത്രി)**

(എ) കേന്ദ്ര പരിസ്ഥിതി, വനം&കാലാവസ്ഥാ വ്യതിയാന വകുപ്പ് തയ്യാറാക്കിയ "ഇന്റഗ്രേറ്റഡ് ആന്റ് ഹോളിസ്റ്റിക് അപ്രോച്ച് ഫോർ റിജുവനേഷൻ ഓഫ് റിവേഴ്സ് - കരട് " എന്ന രേഖയുടെ പ്രധാന ലക്ഷ്യം നിലവിൽ ഇന്ത്യയിൽ നടപ്പിലാക്കി വരുന്ന "നാഷണൽ റിവർ കൺസർവേഷൻ പ്ലാൻ" എന്ന പദ്ധതി വിഭാവനം ചെയ്തിട്ടില്ലാത്ത ഘടകങ്ങളായ നദികളിലെ പാരിസ്ഥിതിക നീരൊഴുക്ക്, നദീതട പരിപാലനം, നദികളുടെ കൈവഴികളിലും നദിയിലും ചെറുകിട ജലസംഭരണികളുടെ നിർമ്മാണം, നദീതീരങ്ങളിൽ വനവത്കരണം, ഭൂജല പോഷണ നടപടികൾ, കാർഷിക പ്രവർത്തനങ്ങളുടെ ഭാഗമായി നദികളിൽ എത്തിച്ചേരാനിടയുള്ള മാലിന്യം ഇല്ലാ-താക്കുക, പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ എക്കോ ടൂറിസം നടപ്പിലാക്കുക, ജൈവ കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ബോധവത്കരണം നടത്തുക, വ്യാവസായിക സ്ഥാപനങ്ങളിൽ സീറോ ഡിസ്ചാർജ് സംവിധാനം കൊണ്ടു വരിക, ഉപരിതല-ജലചൂഷണം ഒഴിവാക്കുക തുടങ്ങിയ ഘടകങ്ങൾ ഉൾക്കൊണ്ട് നദീ പരിപാലന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ്. ഇതിനായി രണ്ടു തരത്തിലുള്ള ഇടപെടൽ രീതികളും നിർദ്ദേശിച്ചിട്ടുണ്ട്. 1)നേരിട്ടുള്ള ഇടപെടലുകൾ 2) നേരിട്ടല്ലാതെയുള്ള ഇടപെടലുകൾ.

കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ പഠനമനുസരിച്ചാണ് (ജല ത്തിലെ ബയോളജിക്കൽ ഓക്സിജൻ

ഡിമാന്റ് കണക്കാക്കി) നദികളെ മുൻഗണനാ പട്ടികയിൽപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയ്ക്കായി രൂപപ്പെടുത്തിയ കരട് രൂപരേഖ, സംസ്ഥാനങ്ങളിൽ നിന്ന് ലഭ്യമായ നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്ത് സമ്പൂർണ്ണ രേഖയായി, അംഗീകരിച്ചതിനു ശേഷം മാത്രമേ പ്രസ്തുത മാർഗ്ഗരേഖ പ്രകാരമുള്ള വിശദമായ പദ്ധതിരേഖ കേന്ദ്രസർക്കാരിന് സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

**സെക്ഷൻ ഓഫീസർ**